## ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി &
## ജില്ലാ കളക്ടർ കാസറഗോഡിന്റെ നടപടിക്രമം
### (ഹാജർ - ഭണ്ഡാരി സ്വാഗത് രൺവീർചന്ദ് ഐ.എ.എസ്)

വിഷയം : ദുരന്ത നിവാരണം – കോവിഡ് 19 പ്രതിരോധം – കണ്ടെയ്ൻമെൻറ് സോണുകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

പരാമർശം :

1. സർക്കാർ ഉത്തരവ് നമ്പർ G.O(Rt)No.564/2021/DMD, 04/08/2021
2. സർക്കാർ ഉത്തരവ് നമ്പർ G.O(Rt)No.575/2021/DMD, 10/08/2021
3. സർക്കുലർ നം. DMA2/767/2021-DMD, 12/08/2021
4. സർക്കാർ ഉത്തരവ് നമ്പർ G.O(Rt)No.593/2021/DMD, 04/09/2021
5. സർക്കാർ ഉത്തരവ് നമ്പർ G.O(Rt)No.643/2021/DMD, 18/09/2021
6. ഈ ഓഫീസിലെ 18/10/21 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

****************

### ഉത്തരവ് നം- DCKSGD/1331/2020-K1 ,തീയതി 25/10/2021

കോവിഡ് 19 രോഗവ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി സർക്കാരിൽ നിന്നുള്ള കർശന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലും നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. പരാമർശം ഉത്തരവ് 5 പ്രകാരം ജില്ലകളിലെ പഞ്ചായത്ത്/ നഗര മേഖലകളിൽ വാർഡ് അടിസ്ഥാനത്തിൽ കണക്കാക്കുന്ന പ്രതിവാര ഇൻഫെക്ഷൻ ജനസംഖ്യാ അനുപാതം (Weekly Infection Population Ratio -WIPR) അനുസരിച്ച്, WIPR 10 ന മുകളിൽ വരുന്ന എല്ലാ വാർഡുകളിലും കർശന നിയന്ത്രണങ്ങളോടെ ലോക്ക്ഡൗൺ ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ചുവടെ പറയുന്ന പഞ്ചായത്ത്/ നഗരസഭാ വാർഡുകളെ **26/10/2021 മുതൽ 01/11/2021** വരെ കണ്ടെയ്ൻമെൻറ് സോണുകളായി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**Municipal wards with WIPR>10 based on positive cases reported from 18.10.2021 to 24.10.2021.**

**NIL**

**Grama Panchayath wards with WIPR>10 based on positive cases reported from 18.10.2021 to 24.10.2021.**

| Sl No | Name of Grama Panchayath | GP Ward No | WIPR |
|---|---|---|---|
| 1 | West Eleri | 9 | 12.83 |
| 2 | Kallar | 3 | 12.70 |

## മൈക്രോ കണ്ടെയ്ൻമെൻറ് സോണുകൾ

പരാമർശം 3 സർക്കുലറിന്റെ അടിസ്ഥാനത്തിൽ, 5-ൽ അധികം ആക്റ്റീവ് കേസുകൾ ഒരു പ്രത്യേക പ്രദേശത്ത് കേന്ദ്രീകരിച്ചിട്ടുള്ള ചുവടെ പറയുന്ന പ്രദേശങ്ങളെ **26/10/2021 മുതൽ 01/11/2021 വരെ മൈക്രോ കണ്ടെയ്ൻമെൻറ് സോണുകളായി** പ്രഖ്യാപിച്ച് ഉത്തരവാകുന്നു

| Sl No | Name of Grama Panchayath | Ward Number | Name Of Locality |
|---|---|---|---|
| 1 | Pullur- Periya | 13 | Peralam |
| 2 | Pallikkara | 11 | Velutholy Colony |

- ❖ കൺടെയിൻമെന്റ്/ മൈക്രോ കൺടെയിൻമെന്റ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകൾ, നിർമ്മാണ സാമഗ്രികൾ വിൽക്കുന്ന കടകൾ, വ്യാവസായിക, കാർഷിക, നിർമ്മാണ പ്രവർത്തനങ്ങൾ, ഹോട്ടലുകളും റസ്റ്റോറന്റുകളും (പാർസൽ സർവീസ് മാത്രം) , അക്ഷയ – ജനസേവന കേന്ദ്രങ്ങൾ എന്നിവയ്ക്ക് രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെ പ്രവർത്തിക്കാം. ബാങ്കുകൾക്ക് ഉച്ചയ്ക്ക് 2 മണി വരെയും ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കാവുന്നതാണ്.
- ❖ കൺടെയിൻമെന്റ്/ മൈക്രോ കൺടെയിൻമെന്റ് സോൺ ആയി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ അകത്തേക്കും പുറത്തേക്കുമുള്ള പോക്കുവരവ് നിയന്ത്രിത മാർഗ്ഗത്തിലൂടെ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.
- ❖ സർക്കാർ തീരുമാനപ്രകാരം നടത്തപ്പെടുന്ന പരീക്ഷകൾ കൺടെയിൻമെന്റ്/ മൈക്രോ കൺടെയിൻമെന്റ് സോൺ ബാധകമാക്കാതെ ജില്ലയിൽ എല്ലാ പ്രദേശത്തും കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചു കൊണ്ട് നടത്താവുന്നതാണ്.

**ജില്ലാ കളക്ടർ &**

**ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി**

പകർപ്പ് : 1) ജില്ലാ പോലീസ് മേധാവി, കാസറഗോഡ്

2) സബ് കളക്ടർ, കാഞ്ഞങ്ങാട് & ആർ.ഡി.ഒ. കാസറഗോഡ്

3) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) - കണ്ടെയ്ൻമെൻറ് സോണുകളിലെ തുടർ നടപടികൾക്കും കോവിഡ് ജാഗ്രതാ പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുമായി

4) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കാസറഗോഡ്

5) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

6) ജില്ലാ ഇൻഫോർമാറ്റിക്സ് ഓഫീസർ, NIC, കാസറഗോഡ് (ജില്ലാ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)

7) എല്ലാ തഹസിൽദാർമാർക്കും

8) സെക്രട്ടറി, എല്ലാ നഗരസഭ & ഗ്രാമപഞ്ചായത്ത്

9) സെക്ടർ മജിസ്ട്രേറ്റുമാർ

10) ഫയൽ